**ഭരണഭാഷാ-മാതൃഭാഷ**

പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ
കാര്യാലയം, (ഹയർ സെക്കന്ററി വിഭാഗം)
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം.
ഇ-മെയിൽ: jdacad@kerala.gov.in
ഫോൺ നമ്പർ: 0471 2325868.

**എസിഡി.സി3/274015/2023/എച്ച്.എസ്.ഇ**

തീയതി 28/03/2023

**പ്രസിദ്ധീകരണത്തിന്**

വിഷയം :- പ്ലസ്ടു ബാച്ചുകൾ പുന: ക്രമീകരണം - കമ്മിറ്റി സിറ്റിംഗ് തീയതി മാറ്റം സംബന്ധിച്ച്.

ഹയർസെക്കന്ററി ബാച്ച് പുനഃക്രമീകരണത്തിനായി റിപ്പോർട്ട് സമർപ്പിക്കാൻ രൂപീകരിച്ച പ്രൊഫ.വി കാർത്തികേയൻനായർ കമ്മിറ്റി മേഖലാതലങ്ങളിൽ നിശ്ചയിച്ചിരുന്ന സിറ്റിംഗ് തീയതികളിൽ മാറ്റമുണ്ട്. മുൻ തീരുമാനപ്രകാരം മാർച്ച് 27-ന് കോഴിക്കോട് സിറ്റിംഗ് കഴിഞ്ഞു. ഏപ്രിൽ 1-ന് എറണാകുളത്തും 3-ന് തിരുവനന്തപുരത്തും സിറ്റിംഗ് നടത്തുമെന്നാണ് അറിയിച്ചിരുന്നത്. എസ്.സി.ഇ.ആർ.ടി.യുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 1 മുതൽ 3 വരെ കേരള സ്കൂൾ എഡ്യുക്കേഷൻ കോൺഗ്രസ് നടക്കുന്നതിനാൽ പ്ലസ്ടു ബാച്ച് പുനഃക്രമീകരണ കമ്മിറ്റിയുടെ സിറ്റിംഗ് തീയതികൾ മാറ്റി നിശ്ചയിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ജില്ലകൾക്കുവേണ്ടി **ഏപ്രിൽ 4 ന് തിരുവനന്തപുരം അട്ടകുളങ്ങരയിലെ സീമാറ്റ്** ആസ്ഥാനത്തും പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകൾക്ക് വേണ്ടി **ഏപ്രിൽ 5 ന് എറണാകുളം ഗവ.ഗേൾസ് ഹയർസെക്കന്ററി സ്കൂളിലും** സിറ്റിംഗ് നടത്തുന്നതാണ്. കമ്മിറ്റിയുടെ പരിഗണനയ്ക്കായി ഇതിനകം നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അപേക്ഷകളും നൽകിയിട്ടുള്ളവർ സിറ്റിംഗിന് വരേണ്ടതില്ല. മാനേജ്മെന്റുകൾ, പി.ടി.എ, ജനപ്രതിനിധികൾ, തദ്ദേശഭരണസ്ഥാപനങ്ങൾ, അധ്യാപക സംഘടനകൾ തുടങ്ങിയവർക്ക് കമ്മിറ്റി മുമ്പാകെ ആവശ്യങ്ങളും നിർദ്ദേശങ്ങളും അവതരിപ്പിക്കുന്നതിനുള്ള അവസരമാണ് സിറ്റിംഗിൽ ലഭിക്കുന്നത്.

വിശ്വസ്തതയോടെ

ആർ.സുരേഷ് കുമാർ
മെമ്പർ സെക്രട്ടറി
ബാച്ച് പുനഃക്രമീകരണ കമ്മിറ്റി &
ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)

DIRECTOR OF GENERAL EDUCATION ★ Thiruvananthapuram ★